(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച കേസുകളിലുമായി എത്ര സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ആഫീസിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച 87 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൈക്കൂലി വാങ്ങിയ 90 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്ത് സസ്പെൻഷനിലായ 61 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ഡി) കൈക്കൂലി കേസിലും അനധികൃതമായി സ്വത്ത് സമ്പാദിച്ച കേസുകളിലുമായി 169 സർക്കാർ ജീവനക്കാർക്കെതിരെ അന്വേഷണം നടന്നുവരുന്നുണ്ട്.

കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേയ്ക്കുള്ള യോഗ്യത

47 (47) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽനിന്നും ഡിഗ്രിക്ക് സബ്സിഡിയറിയായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്ജക്ട് പഠിച്ച് വിജയിച്ചവർക്ക്, പി.എസ്.സി. മുഖേനയുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തുടങ്ങി കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള യോഗ്യതയായി പി.എസ്.സി അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി.ക്ക് ഇതിനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിയ്ക്കുമോ ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഓരോ തസ്തികയുടെയും യോഗ്യത നിശ്ചയിച്ചിരിക്കുന്നത് ആ തസ്തിക ഉൾക്കൊള്ളുന്ന വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരമാണ്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി പഠിച്ച ഡിഗ്രി, കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമുള്ള തസ്തികകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി അംഗീകരിക്കുന്ന വിഷയം അതാത് ഭരണ വകുപ്പുകൾ ഓരോ കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് തീരുമാനമാകേണ്ടതാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ അധിക യോഗ്യതയായി ഉൾപ്പെടുത്തിയ ഡി.സി.എ.ക്ക് ഉയർന്ന/

LIBRARY ARCHIVES Kerala Legislative Assembly

തത്തുല്യമായി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത കോഴ്സുകളാണ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ടായ മറ്റ് കോഴ്സുകളുടെ സിലബസ് പരിശോധിച്ച് ആയത് ഡി.സി.എ.ക്ക് തുല്യമായി പരിഗണിക്കാവുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രമേ ആയവ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥരുടെ വിദേശ യാത്ര

48 (48) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദേശയാത്രയ്ക്കായി ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഐ.ആർ.എസ്. ഉദ്യോഗസ്ഥർ സംസ്ഥാന ഖജനാവിൽനിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു ; ഈയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച ഉദ്യോഗസ്ഥൻ ആരെന്നും എത്ര തുകയാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇവർ എന്ത് തുക റ്റി.എ./ഡി.എ. ഇനത്തിൽ നാളിതുവരെ വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(സി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 140 അടിയ്ക്കുമേൽ ഉയർന്ന സമയത്തും ജില്ലയിലെ മുഖ്യ അധികാരിയായ ഉദ്യോഗസ്ഥൻ സ്ഥലത്തില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ പ്രസ്തുത ജില്ലാധികാരി എവിടെ ആയിരുന്നുവെന്നും പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി ഉണ്ടായിരുന്നോ എന്നും ടിയാൻ പ്രസ്തുത യാത്രയ്ക്ക് വാങ്ങിയ ആനുകൂല്യങ്ങൾ എത്ര തുകയെന്നും വ്യക്തമാക്കുമോ ;

(ഇ) ഇതുമായി ബന്ധപ്പെട്ട് നാല് ജില്ലകളിലെ ജനങ്ങൾക്ക് ജീവനുപോലും ഭീഷണി നേരിടുന്ന സമയത്ത് സംസ്ഥാനത്ത് ഇല്ലാതിരുന്ന ജില്ലാധികാരിയുടെ പേരിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഖജനാവിൽ നിന്ന് തുക ചെലവഴിച്ച് ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ആരും വിദേശയാത്ര നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly